**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.314** | **08/02/2016 ൽ മറുപടിക്ക്** |

**ബാർകോഴ - വിജിലൻസ് അന്വേഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.എ.ബേബി**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**ശ്രീ.എം.ചന്ദ്രൻ**<br>**ശ്രീ.കെ.ദാസൻ** | | **ശ്രീ.രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി )** | |
| (എ) | ബാർ കോഴയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണങ്ങളുടെ നിജസ്ഥിതി വെളിപ്പെടുത്താമോ;പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെല്ലാം ആരോപണങ്ങളും വെളിപ്പെടുത്തലുകളും പരാതികളും സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിരിക്കുന്നത്; | (എ) | ശ്രീ.കെ.എം.മാണിക്കെതിരെയുള്ള വിജിലൻസ് കേസിന്റെ തുടരന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതിയിൽ 13.01.2016 - ൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ശ്രീ.കെ.ബാബുവിന്റെ പേരിൽ (ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രി) ശ്രീ.ബിജു രമേശ് Sec.164 മൊഴിയിൽ ഉന്നയിച്ച ആരോപണങ്ങളിൽ പ്രാഥമിക അന്വേഷണം നടത്തിയ എറണാകുളം സെൻട്രൽ റെയ്ഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ അന്വേഷണത്തിൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കണ്ട് 13.01.2016 -ൽ റിപ്പോർട്ട് കോടതിയിൽ നൽകിയിട്ടുണ്ട്. ഇതിനുപുറമേ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ശ്രീ.ജോർജ് വട്ടക്കുളം എന്ന വ്യക്തി ശ്രീ.ബാബുവിനെതിരെ നൽകിയ പരാതിയിൽ അന്വേഷണം നടന്നുവരുന്നു. |
| (ബി) | തൃശ്ശൂർ, തിരുവനന്തപുരം, വിജിലൻസ് കോടതികളിൽ നിന്നുള്ള ഏതെല്ലാം ഉത്തരവുകളെ തുടർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; തുടർന്നു വരുന്ന നടപടികൾ എന്തെല്ലാം; | (ബി) | വിജിലൻസ് അന്വേഷണം നടത്തി സമർപ്പിച്ച വി.സി.6/2014/എസ്.ഐ.യു-1 എന്ന കേസിലെ അന്തിമ റിപ്പോർട്ട്, തുടരന്വേഷണം നടത്തണമെന്ന തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണം പൂർത്തിയാക്കി ആരോപണങ്ങൾക്ക് അടിസ്ഥാനമില്ലെന്ന നിലയ്ക്കുള്ള അന്തിമറിപ്പോർട്ട്, ടി കോടതിയിൽ 13.01.2016 – തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ, ശ്രീ.ബിജു രമേശിന്റെ ക്രിമിനൽ നടപടിക്രമം 164 -ാം വകുപ്പ് പ്രകാരമുള്ള മൊഴിയെ തുടർന്ന് വിജിലൻസ് ഡയറക്ടറുടെ തന്നെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നുള്ള നിലയ്ക്കുള്ള റിപ്പോർട്ടും 13.01.2016 തീയതിയിൽ ടി കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പൂർത്തിയാക്കിയ ടി പ്രാഥമിക അന്വേഷണത്തിലെ ആരോപണങ്ങൾക്ക് ശ്രീ.ജോർജ്ജ് വട്ടക്കുളം നൽകിയ പരാതിയിൽ അന്വേഷണം പൂർത്തിയാകുന്നതിന് മുൻപ് 23.01.2016 തീയതിയിൽ എഫ്.ഐ.ആർ |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്ത്  അന്വേഷിക്കാൻ ഉത്തരവായി. ഈ ഉത്തരവിനെ ചോദ്യം ചെയ്ത് ശ്രീ.കെ.ബാബു (ബഹുമാനപ്പെട്ടഎക്സൈസ് വകുപ്പ് മന്ത്രി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോടതിയുടെ നിർദ്ദേശാനുസരണം അന്വേഷണം നടത്തിവരുന്നു. മേൽ സൂചിപ്പിച്ച റിപ്പോർട്ടുകൾ കോടതിയുടെ പരിഗണനയ്ക്ക് വരുന്നതാണ്. |
| (സി) | ആർക്കെല്ലാം എതിരായിട്ടുള്ള ഏതെല്ലാം പരാതികളിൽ വിജിലൻസ് ഇതിനകം ആരെയെല്ലാം പ്രതികളാക്കി; എത്ര എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (സി) | മുൻ ധനമന്ത്രി ശ്രീ.കെ.എം.മാണിക്കെതിരെ വി.സി.6/2014/എസ്.ഐ.യു ആയി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു. |
| (ഡി) | ആരോപിതരായിട്ടുള്ള ആർക്കെല്ലാമാണ് ഔദ്യോഗിക സ്ഥാനത്തുനിന്ന് ഒടുവിൽ രാജിവെക്കേണ്ടി വന്നിട്ടുള്ളത്; അവശേഷിക്കുന്ന ആരോപിതർ ആരെല്ലാമാണ്; | (ഡി) | ധനമന്ത്രി ശ്രീ.കെ.എം.മാണി രാജിവച്ചു. അവശേഷിയ്ക്കുന്ന ആരോപിതൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവാണ്. |
| (ഇ) | വിജിലൻസ് അന്വേഷണത്തിലെ വീഴ്ചകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഏതെല്ലാം കോടതികളിൽ നിന്ന് എന്തെല്ലാം നിലയിലുള്ള വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്; അന്വേഷണത്തിലെ വീഴ്ചകളും നിയമവിരുദ്ധ നടപടികളും ചൂണ്ടിക്കാട്ടി വിജിലൻസ് കോടതികളിലും ഹൈക്കോടതിയിലും ഫയൽ ചെയ്യപ്പെട്ട ഹർജികൾ എത്ര; ഏതൊക്കെ; | (ഇ) | ബഹുമാനപ്പെട്ട കോടതിയിലെ ഉത്തരവുകളിൽ വിജിലൻസ് അന്വേഷണത്തിൽ വീഴ്ചകൾ ഉണ്ടായതായി പറഞ്ഞിട്ടില്ല. |
| (എഫ്) | ഏതെല്ലാം കോടതി ഉത്തരവുകൾക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ ഹർജി നൽകി; സ്റ്റേ ലഭിക്കുന്നതിനുവേണ്ടി കോടതിയിൽ ആവശ്യപ്പെട്ടത് ഏത് കേസിൽ വ്യക്തമാക്കുമോ; | (എഫ്) | വി.സി.6/2014/എസ്.ഐ.യു-1 എന്ന വിജിലൻസ് കേസിൽ അന്തിമ റിപ്പോർട്ട് പരിഗണിച്ച തിരുവനന്തപുരം വിജിലൻസ് കോടതി, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളെ പരിശോധനാ വിധേയമാക്കാൻ അധികാരമില്ലെന്ന ഉത്തരവിനെ ചോദ്യം ചെയ്ത്  ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നു. ഈ ഹർജിയിൽ സ്റ്റേ ഉത്തരവ് ആവശ്യപ്പെട്ടിരുന്നു.   മറ്റൊരു ഹർജിയും നൽകിയിട്ടില്ല. |
| (ജി) | അഴിമതി നടത്തിയതായി തെളിവ് സഹിതം ആരോപിക്കപ്പെട്ടവർക്കെതിരായി ഹർജി നൽകേണ്ടിയിരുന്ന വിജിലൻസും സർക്കാരും പ്രതികൾക്കനുകൂലമായി കോടതികളെ സമീപിച്ചിട്ടുണ്ടോ ;എങ്കിൽ ഉചിതമായ നടപടികളായിരുന്നുവോ? | (ജി) | സമീപിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**